പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2051 13/06/2019-ൽ മറുപടിക്ക്

**സൗജന്യ ആരോഗ്യക്ഷേമ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** |
| ഈ സർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യ ആരോഗ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | സർക്കാർ ആശുപത്രികളിൽ കുട്ടികൾക്ക് ചികിത്സ നൽകുന്നതിനായി ആരോഗ്യ കിരണം, RBSK ( രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം) എന്നിവ നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ഒരു വയസിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതിയിൽ സർക്കാർ ആശുപത്രിയിൽ സൗജന്യ ആരോഗ്യ പരിശോധന, ലബോറട്ടറി പരിശോധന, ചികിത്സ എന്നിവ നൽകി വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ സർക്കാർ ആശുപത്രികൾ എന്നിവ മുഖാന്തിരം രോഗപ്രതിരോധ കുത്തിവയ്പ്പുകൾ, ദേശീയ രോഗപ്രതിരോധ കുത്തിവെയ്പ്പ് പദ്ധതി പ്രകാരം സൗജന്യമായി നൽകി വരുന്നു.<br>ആയുഷ്മാൻ ഭാരത് -പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (AB -PMJAY ) പദ്ധതിയുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് ഏപ്രിൽ 1, 2019 മുതൽ നടപ്പിലാക്കി.<br>ആയുഷ്മാൻ ഭാരത് /കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഒരു കുടുംബത്തിന് ഓരോ വർഷവും അഞ്ചു ലക്ഷം രൂപയുടെ ചികിത്സ സഹായം തെരഞ്ഞെടുത്ത സർക്കാർ /സ്വകാര്യ /സഹകരണ ആശുപത്രികൾ വഴി ലഭ്യമാകും, മാത്രമല്ല ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അംഗീകാരം ഉള്ള രാജ്യത്തെ എല്ലാ ആശുപത്രികളിലും ഗുണഭോക്താക്കൾക്ക് ചികിത്സ തേടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ